## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *667 | 01.11.2011-ലെ മറുപടിക്ക് |
|---|---|

### സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി<br>ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഇ.എസ്. ബിജി മോൾ<br>ശ്രീ. കെ.അജിത് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ)സംസ്ഥാനത്ത് സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം; ഇതിൽ ലൈസൻസ് ഉളളവ എത്ര; | എ) പ്രവർത്തിക്കുന്നുണ്ട്. കൃത്യമായ എണ്ണം ലഭ്യമല്ല. ഇതുവരെ ആർക്കും ലൈസൻസ് നൽകിയിട്ടില്ല. |
| ബി) ലൈസൻസ് ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഈ അപേക്ഷകളിന്മേൽ യഥാസമയം തീരുമാനമെടുത്ത് ലൈസൻസ് നൽകാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | ബി) 158 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതിനായി സ്ഥാപനങ്ങളിൽ പരിശോധന നടന്നു വരുന്നു. |
| സി) സംസ്ഥാനത്ത് മെന്റൽ ഹെൽത്ത് അതോറിട്ടി നിലവിൽ വന്നത് എന്നാണ്, ഈ അതോറിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാം? | സി) 1/11/1993 -ലാണ് സംസ്ഥാനത്ത് മെന്റൽ ഹെൽത്ത് അതോറിട്ടി നിലവിൽ വന്നത്.<br><br>1) സംസ്ഥാനത്തെ മാനസികാരോഗ്യ പ്രവർത്തനങ്ങളെ നിയന്ത്രിക്കുക, വികസിപ്പിക്കുക, സമന്വയിപ്പിക്കുക.<br><br>2)മാനസികാരോഗ്യ ചികിത്സാ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുക.<br><br>3)മാനസികാരോഗ്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സർക്കാരിന് ആവശ്യമായ ഉപദേശം നൽകുക<br><br>4) മാനസികാരോഗ്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സർക്കാർ ആവശ്യപ്പെടുന്ന കാര്യങ്ങൾ നിറവേറ്റുക<br><br>5)സംസ്ഥാനത്തെ സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകുവാനുള്ള അധികാരവും സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയ്ക്കാണ്. |

(signature)

സെക്ഷൻ ഓഫീസർ